e- mail - gssbsukc@yahoo.co.in Phone: 0471-2192810, 2192846

# State Banks' Staff Union (Kerala Circle)

(Affiliated to All India State Bank of India Staff Federation)
Reg. No. 01-36-2000

Circular No.77/26
To All Unit Secretaries

State Bank of India
Local Head Office
Poojappura
Thiruvananthapuram-695 012

പ്രിയ സഖാക്കളേ,

Date: 01/05/2026

## മെയ് ദിനാശംസകൾ

ലോക ചരിത്രത്തിന്റെ ഏടുകളിലെ ഏറ്റവും തിളക്കമുള്ള അധ്യായങ്ങളിൽ ഒന്നാണ് സാർവദേശീയ തൊഴിലാളി ദിനം. അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ഒരേ ചരടിൽ കോർത്തിണക്കപ്പെട്ടവരാണെന്നും, വർഗ്ഗബോധം എന്നത് ശക്തമായ ഒരു സമരായുധം ആണെന്നും ഓർമ്മിപ്പിച്ചു കൊണ്ടാണ് മെയ്ദിനങ്ങളെല്ലാം കടന്നു പോകുന്നത്. മുതലാളിത്തത്തെ മാനുഷിക മൂല്യങ്ങളിൽ ഊന്നി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നതും തൊഴിലിടങ്ങളിൽ ജനാധിപത്യം ഉറപ്പുവരുത്തുന്നതിനും പിന്നിൽ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ പോരാട്ടങ്ങളുടെയും ത്യാഗങ്ങളുടെയും ചരിത്രമുറങ്ങുന്നുണ്ട്.

ഇന്ന് നാം മെയ്ദിനം ആചരിക്കുമ്പോൾ ബാങ്കിംഗ് മേഖലയിലെ തൊഴിലാളികൾക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. എന്നാൽ നിലനിൽപ്പിനു വേണ്ടിയുള്ള പോരാട്ടം കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതിന്റെ അനിവാര്യത അതിലും എത്രയോ ഏറെയാണ്.

രാജ്യത്ത് പുതുതായി നടപ്പിലാക്കുന്ന നാല് ലേബർ കോഡുകൾ തൊഴിലാളികളുടെ അവകാശങ്ങൾ ദുർബലമാക്കുന്നതും, പ്രതിഷേധങ്ങൾക്കും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്കും കടിഞ്ഞാൺ ഇടുന്നതുമാണ്. ഇന്ത്യയിൽ നിലനിന്നിരുന്ന ത്രികക്ഷി സംവിധാനമായ ഇന്ത്യൻ ലേബർ കോൺഫറൻസ് എന്ന സംവിധാനത്തെ പാടെ ഇല്ലാതാക്കിയാണ് ഭരണകൂടം ലേബർ കോഡുമായി മുന്നോട്ടുപോകുന്നത്. വ്യവസായ സൗഹൃദ അന്തരീക്ഷം എന്ന വാദത്തിൽ ഊന്നി നിലവിലുള്ള സംരക്ഷണങ്ങൾ എടുത്തു കളയുമ്പോൾ തുല്യനീതിയിൽ അധിഷ്ഠിതമായ തൊഴിൽ സാഹചര്യം വിദൂര സ്വപ്നമായി മാറുന്നു. ബാങ്ക് ദേശസാൽക്കരണത്തിന്റെ ലക്ഷ്യങ്ങൾ കാറ്റിൽ പറത്തികൊണ്ട് ഇനിയും മെഗാ ലയനങ്ങളും ബാങ്കിങ് മേഖലയെ സ്വകാര്യ മൂലധനത്തിന് അടിയറവ് വയ്ക്കാനുള്ള ശ്രമങ്ങളും അണിയറയിൽ നടക്കുന്നത് കൂടി ഈ അവസരത്തിൽ ചേർത്തു വായിക്കേണ്ടതുണ്ട്.

പന്ത്രണ്ടാം ഉഭയകക്ഷി കരാറിൽ അംഗീകരിച്ച പഞ്ചദിന ബാങ്കിംഗ് നടപ്പിലാക്കാതിരിക്കുകയും, ജീവനക്കാർക്ക് അർഹമായ PLI (Performance Linked Incentive) തൊഴിലാളികളിൽ ഭിന്നിപ്പ് ഉണ്ടാക്കുന്ന വിധം ഏകപക്ഷീയമായി നടപ്പിലാക്കുന്ന ഗവൺമെന്റ് നയങ്ങൾ സ്വീകരിക്കുന്നതിനെതിരെയും, നാം സമരമുഖത്താണ്. ദശകങ്ങളുടെ ഐക്യപ്പെട്ട പോരാട്ടത്തിലൂടെ നേടിയ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ പൂർവ്വ തലമുറയുടെ വിയർപ്പിന്റെ ഫലമായ നേട്ടങ്ങൾ ആണെന്ന് മനസ്സിലാക്കി അഭിമാനത്തോടെ ഏറ്റുവാങ്ങുകയും ഭാവി തലമുറയ്ക്ക് വേണ്ടി നാം സംരക്ഷിക്കുകയും വേണം.

രാജ്യത്തും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും തൊഴിലാളികൾ ഇപ്പോഴും സമരം ചെയ്തു കൊണ്ടിരിക്കുന്നു. വീഗാർഡിന്റെ രുദ്രപൂർ ഫാക്ടറിയിൽ നടക്കുന്ന സമരം,നോയിഡയിലെ ഫാക്ടറി തൊഴിലാളികൾ മിനിമം വേതനത്തിന് വേണ്ടി നടത്തുന്ന സമരം, തമിഴ്നാട്ടിലെ ശ്രീപെരമ്പത്തൂരിൽ samsung ഫാക്ടറി തൊഴിലാളികൾ ട്രേഡ് യൂണിയൻ ഉണ്ടാക്കാൻ നടത്തിയ സമരം,ആഗോള ഭീമന്മാരായ മെറ്റയിൽ നടന്ന കൂട്ടപിരിച്ചു വിടൽ, ദിവസവും 12 മണിക്കൂർ എന്ന കണക്കിൽ ആഴ്ചയിൽ 6 ദിവസം ജോലി ചെയ്യാൻ ഇൻഫോസിസ് സ്ഥാപകൻ നടത്തിയ ആഹ്വാനം, അമേരിക്കയിലെ ട്രംപിന്റെ ഭരണപരിഷ്കാരങ്ങളെ തുടർന്ന് ഒരു ലക്ഷം ഫാക്ടറി ജോലികൾ നഷ്ടമായി എന്ന ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സിന്റെ പുറത്തുവരുന്ന കണക്കുകൾ, എന്ന് തുടങ്ങി അനീതികൾക്കും ചൂഷണങ്ങൾക്കും എതിരെ ഒറ്റക്കെട്ടായി ശബ്ദമുയർത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ബാങ്കിംഗ്, ഇൻഷുറൻസ് തുടങ്ങിയ ധനകാര്യ മേഖലയിൽ വിദേശനിക്ഷേപത്തിന്റെ പരിധി ഉയർത്തിയും ഫിക്സഡ് ടേം എംപ്ലോയ്മെൻറ് നടപ്പിലാക്കിയും, സ്വകാര്യവൽക്കരണവും, പുറം കരാർവൽക്കരണവും പ്രോത്സാഹിപ്പിക്കുകയും വഴി മുതലാളിത്തത്തിന് അധികാരം ഊട്ടിയുറപ്പിക്കാൻ ആവശ്യമായ സഹായസഹകരണങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്.

ഇക്കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി മുന്നോട്ടുവച്ച പ്രധാന ആശയങ്ങളിൽ ഒന്നാണ് എ. ഐ. തൊഴിൽ ശക്തി. അതിവിദഗ്ധരായ കുറച്ചുപേരെ നിലനിർത്തിക്കൊണ്ട് നിർമ്മിത ബുദ്ധി അധിഷ്ഠിതമായ തൊഴിൽ നാളുകൾ നമുക്ക് വിദൂരമല്ല. എ. ഐ. സാങ്കേതിക വിദ്യയുടെ കടന്നു വരവോടെ ഭാവിയിൽ 80 ലക്ഷത്തോളം തൊഴിൽ ഇല്ലാതായേക്കാം എന്ന നീതി ആയോഗിന്റെ ഈ സാമ്പത്തിക വർഷമാദ്യം പുറത്തുവിട്ട റിപ്പോർട്ടിൽ പരാമർശിക്കുന്നത് ഉൾപ്പടെയുള്ള വിലയിരുത്തൽ നാം വളരെ ഗൗരവമായി കാണേണ്ടതുണ്ട്.

നിർമ്മിത ബുദ്ധിയെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും ജനാധിപത്യവൽക്കരിക്കാനുമുള്ള ശ്രമങ്ങൾക്കാണ് ഉത്തരവാദിത്തപ്പെട്ട ഒരു തൊഴിലാളി സംഘടന എന്ന നിലയിൽ നാം പ്രാധാന്യം കൊടുക്കേണ്ടത്. ഒറ്റയ്ക്ക് നിൽക്കുന്ന തൊഴിലാളികളാണ് ചൂഷണത്തിന് ഇരയാകുന്നത്. സംഘടിക്കുമ്പോൾ അവർ ചരിത്രശക്തിയാവുന്നു. ആ ശക്തിയെ മുതലാളിത്തം എല്ലാക്കാലത്തും ഭയപ്പെടും.

രാജ്യത്തുടനീളം ഉള്ള സംഘടിത, അസംഘടിത മേഖലകളിലെ കോടിക്കണക്കിന് തൊഴിലാളികൾക്ക് ആവേശഭരിതവും വിപ്ലവകരവുമായ മെയ്ദിന അഭിവാദ്യങ്ങൾ നേരുന്നു. ഈ ദിനം ലോകമെമ്പാടുമുള്ള തൊഴിലാളി വർഗ്ഗത്തിന്റെ അദമ്യമായ പോരാട്ടവീര്യത്തിന്റെ ആഘോഷമാണ്, ത്യാഗങ്ങളുടെ അനുസ്മരണമാണ്, അവകാശങ്ങളുടെ പ്രഖ്യാപനമാണ്........മെയ്ദിനം നീണാൾ വാഴട്ടെ.

(അഖിൽ എസ്)
ജനറൽ സെക്രട്ടറി